**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.767** **11/03/2015-ൽ മറുപടിക്ക്**

**മെഡിക്കൽ കോർപ്പറേഷനെ ഒഴിവാക്കി വാങ്ങിയ മരുന്നുകൾ**

**ചോദ്യം**

ശ്രീ. കെ വി വിജയദാസ്

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മെഡിക്കൽ സർവ്വീസസ് കോർപ്പേറേഷനിൽ കൂടിയല്ലാതെ മരുന്നുവാങ്ങിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അപ്രകാരം മരുന്ന് വാങ്ങുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങളുടെ വിശദവിവരം നൽകുമോ ; | (ബി) | കെ.എം.എസ്.സി.എൽ. വഴി ലഭ്യമല്ലാത്തതും അടിയന്തിര ആവശ്യമുള്ളതുമായ മരുന്നുകൾ അതാത് സ്ഥാപന മേധാവികൾ സ്റ്റോർ പർച്ചേസ് നിയമങ്ങൾ അനുസരിച്ച് വാങ്ങിയിട്ടുണ്ട്. |
| (സി) | ഏതെല്ലാം മരുന്ന് കമ്പനികളിൽ നിന്നുമാണ് ഇപ്രകാരം മെഡിക്കൽ സർവ്വീസസ് കോർപ്പേറേഷനെ ഒഴിവാക്കി മരുന്ന് വാങ്ങിയിട്ടുള്ളത് ; വാങ്ങിയ തുകയുടെ വിശദാംശം നൽകുമോ ; | (സി) | കാരുണ്യ ഫാർമസി, മാവേലി മെഡിക്കൽ സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ തുടങ്ങിയ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നുമാണ് മരുന്ന് വാങ്ങിയിട്ടുള്ളത്. വാങ്ങിയ തുകയുടെ വിശദാംശങ്ങൾ ശേഖരിച്ച് വരുന്നു. |
| (ഡി) | ജനറിക് മരുന്നുകൾ മാത്രമാണോ മെഡിക്കൽ കോർപ്പറേഷൻ വഴി വാങ്ങുന്നത് ; വിശദാംശം നൽകുമോ ? | (ഡി) | ജനറിക് നാമത്തിലുള്ള മരുന്നുകളാണ് കോർപ്പറേഷൻ സംഭരിക്കുന്നത്. എന്നാൽ ഇത് കൂടാതെ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ബ്രാൻഡഡ് മരുന്നുകൾ വിപണി വിലയെക്കാൾ വളരെകുറഞ്ഞ നിരക്കിൽ ലഭ്യമാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ